**എ.വൈ.ആർ**


സൂറ-12

# യൂസുഫ്

قَالُوٓاْ أَءِنَّكَ لَأَنتَ يُوسُفُ ۖ قَالَ أَنَا۠ يُوسُفُ وَهَٰذَآ أَخِى ۖ قَدْ مَنَّ ٱللَّهُ عَلَيْنَآ ۖ
إِنَّهُۥ مَن يَتَّقِ وَيَصْبِرْ فَإِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٩٠﴾

90 അവർ സോൽകണ്ഠം ചോദിച്ചു: അങ്ങ് യൂസുഫ് തന്നെയോ? അദ്ദേഹം പറഞ്ഞു: ഞാൻ യൂസുഫ് തന്നെ, ഇതെന്റെ സഹോദരനും. അല്ലാഹു ഞങ്ങൾക്ക് വലിയ ഔദാര്യം ചെയ്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യർ ദൈവഭക്തിയോടെ വർത്തിക്കുകയും സഹനമവലംബിക്കുകയും ചെയ്യുന്നുവെങ്കിൽ അത്തരം സുകൃതരുടെ കർമഫലം അല്ലാഹു പാഴാക്കുകയില്ല, നിശ്ചയം.

قَالُواْ تَٱللَّهِ لَقَدْ ءَاثَرَكَ ٱللَّهُ عَلَيْنَا وَإِن كُنَّا لَخَٰطِـِٔينَ ﴿٩١﴾

91 അവർ പറഞ്ഞു: അല്ലാഹുവാണ, അല്ലാഹു ഞങ്ങളെക്കാൾ ഔന്നത്യമരുളിയത് തീർച്ചയായും അങ്ങേക്കാകുന്നു. ഞങ്ങളാവട്ടെ കൊടിയ പാപികൾ തന്നെയായിരുന്നു.

قَالَ لَا تَثْرِيبَ عَلَيْكُمُ ٱلْيَوْمَ ۖ يَغْفِرُ ٱللَّهُ لَكُمْ ۖ وَهُوَ أَرْحَمُ
ٱلرَّٰحِمِينَ ﴿٩٢﴾

92 യൂസുഫ് പ്രസ്താവിച്ചു: ഇന്നു നിങ്ങൾക്കെതിരെ യാതൊരു ആക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരുമാറാകട്ടെ. അവൻ പരമകാരുണികനാണല്ലോ.

ٱذْهَبُواْ بِقَمِيصِى هَٰذَا فَأَلْقُوهُ عَلَىٰ وَجْهِ أَبِى يَأْتِ بَصِيرًا وَأْتُونِى
بِأَهْلِكُمْ أَجْمَعِينَ ﴿٩٣﴾

93 എന്റെ ഈ അങ്കിയുമായി നാട്ടിലേക്കു പോകുവിൻ. എന്നിട്ടത് പിതാവിന്റെ മുഖത്തിടുവിൻ. അപ്പോൾ അദ്ദേഹത്തിനു കാഴ്ച തിരിച്ചുകിട്ടും. പിന്നെ നിങ്ങളുടെ കുടുംബത്തെ മുഴുവനായി എന്റെയടുത്തേക്ക് കൊണ്ടുവരുവിൻ.

قَالُوٓاْ= അവർ പറഞ്ഞു (സോൽക്കണ്ഠം ചോദിച്ചു) أَءِنَّكَ= തീർച്ചയായും നീ(അങ്ങ്) ആണോ
لَأَنتَ يُوسُفُ= നീ(അങ്ങ്) യൂസുഫ് തന്നെയോ قَالَ= അദ്ദേഹം പറഞ്ഞു أَنَا۠ يُوسُفُ= ഞാൻ യൂസുഫ്(തന്നെ) ആണ് وَهَٰذَآ= ഇത്
أَخِى= എന്റെ സഹോദരനും قَدْ مَنَّ ٱللَّهُ عَلَيْنَآ= തീർച്ചയായും അല്ലാഹു ഞങ്ങൾക്ക് ഔദാര്യം ചെയ്തിരിക്കുന്നു
إِنَّهُۥ= തീർച്ചയായും അത് (എന്തുകൊണ്ടെന്നാൽ) مَن يَتَّقِ= യാതൊരുവൻ(മനുഷ്യർ) ഭക്തിയോടെ വർത്തിക്കുന്നുവെങ്കിൽ

وَيَصۡبِرۡ= ക്ഷമിക്കു(സഹനമവലംബിക്കു)കയും ചെയ്യുന്നുവെങ്കിൽ فَإِنَّ ٱللَّهَ= അപ്പോൾ നിശ്ചയം അല്ലാഹു

لَا يُضِيعُ= പാഴാക്കുകയില്ല أَجۡرَ= കൂലിയെ(കർമഫലം) ٱلۡمُحۡسِنِينَ= (ഇത്തരം) സുകൃതരുടെ

قَالُواْ= അവർ പറഞ്ഞു تَٱللَّهِ= അല്ലാഹുവാണ لَقَدۡ ءَاثَرَكَ ٱللَّهُ عَلَيۡنَا= തീർച്ചയായും നിനക്ക് അല്ലാഹു ഞങ്ങൾക്കുമീതെ മുൻഗണന നൽകി തെരഞ്ഞെടുത്തിരിക്കുന്നു(ഞങ്ങളെക്കാൾ ഔന്നത്യമരുളിയത് അങ്ങേക്കാകുന്നു)

وَإِن كُنَّا= തീർച്ചയായും ഞങ്ങൾ(ആവട്ടെ) ആയിരുന്നു لَخَٰطِـِٔينَ= കുറ്റവാളികൾ (കൊടിയ പാപികൾ) തന്നെ

قَالَ= അദ്ദേഹം പറഞ്ഞു(യൂസുഫ് പ്രസ്താവിച്ചു)

لَا تَثۡرِيبَ عَلَيۡكُمُ= നിങ്ങൾക്കെതിരെ (യാതൊരു) ആക്ഷേപവുമില്ല, പ്രതികാര നടപടിയുമില്ല

ٱلۡيَوۡمَ= ഇന്ന് يَغۡفِرُ ٱللَّهُ لَكُمۡ= അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരുമാറാകട്ടെ وَهُوَ= അവൻ(ആണല്ലോ)

أَرۡحَمُ ٱلرَّٰحِمِينَ= കരുണ ചെയ്യുന്നവരിൽ ഏറ്റം കരുണ ചെയ്യുന്നവൻ(പരമ കാരുണികൻ)

ٱذۡهَبُواْ= നിങ്ങൾ പോകുവിൻ بِقَمِيصِي هَٰذَا= എന്റെ ഈ കുപ്പായവുമായി فَأَلۡقُوهُ= എന്നിട്ട് അത് ഇടുവിൻ

عَلَىٰ وَجۡهِ أَبِي= എന്റെ പിതാവിന്റെ മുഖത്ത് يَأۡتِ= അദ്ദേഹം വരും(അദ്ദേഹത്തിന് തിരിച്ചു കിട്ടും) بَصِيرًا= കാണുന്നവനായി(കാഴ്ച)

وَأۡتُونِي= നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവരുവിൻ بِأَهۡلِكُمۡ= നിങ്ങളുടെ കുടുംബത്തെ أَجۡمَعِينَ= മുഴുവനായി

**90:** യൂസുഫി(അ)ന്റെ കനിവാർന്ന വചസ്സുകൾ ആ സഹോദരന്മാരെ ഉണർത്തി. യൂസുഫും സഹോദരന്മാരും തമ്മിലുള്ള ഇടപാടുകൾ തങ്ങളല്ലാതെ പുറത്താരും അറിഞ്ഞിട്ടുള്ളതല്ല. അഥവാ ആരെങ്കിലും അറിഞ്ഞാൽ തന്നെ അയാൾ അതേപ്പറ്റി തങ്ങളോടന്വേഷിക്കുന്നത് ഈ രീതിയിലായിരിക്കുകയുമില്ല. കനിവോലുന്ന ഈ നിർമല ശബ്ദം യൂസുഫിന്റേതു തന്നെയാണ്. പ്രഭുവിന്റെ മുഖത്തിനും ആകാരത്തിനും യൂസുഫിനോടുള്ള സാദൃശ്യം ആദ്യ സന്ദർഭത്തിലേ അനുഭവപ്പെട്ടതായിരുന്നു. കൻആനിലെ പൊട്ടക്കിണറ്റിൽ തള്ളിയ അവനെ ഈജിപ്തിന്റെ സിംഹാസനാധിപനായി സങ്കൽപിക്കുന്നതുപോലും വിഡ്ഢിത്തമായി തോന്നിയതുകൊണ്ട് അതവഗണിച്ചതായിരുന്നു. പക്ഷേ, ഇപ്പോൾ ഇദ്ദേഹം വെളിപ്പെടുത്തിയ ഈ രഹസ്യം തങ്ങളെക്കൂടാതെ യൂസുഫിനു മാത്രം വെളിപ്പെടുത്താൻ കഴിയുന്നതാണ്. അതുകൊണ്ട് ഇദ്ദേഹം യൂസുഫല്ലാതെ മറ്റാരുമായിരിക്കാൻ വഴിയില്ല. അവർ വിളിച്ചു ചോദിച്ചു: അങ്ങ് യൂസുഫ് തന്നെയല്ലെയോ? അദ്ദേഹം പറഞ്ഞു: അതെ, ഞാൻ യൂസുഫ് തന്നെ. ഈ നിൽക്കുന്ന ബിൻയാമിൻ എന്റെ സഹോദരനും. അജ്ഞതയും അവിവേകവും മൂലം സങ്കുചിതമായ നിങ്ങളുടെ മനസ്സുകൾക്ക് ഞങ്ങൾ വെറുക്കപ്പെടേണ്ടവരും തള്ളപ്പെടേണ്ടവരുമായിരുന്നുവെങ്കിലും അല്ലാഹു ഞങ്ങൾക്ക് മഹത്തായ ഔദാര്യമരുളി. അവൻ എന്നെ ഈജിപ്തിന്റെ സിംഹാസനം വരെ ഉയർത്തി. കനിഷ്ഠ സഹോദരനെ എന്റെ മുന്നിലെത്തിച്ചു. ഇപ്പോഴിതാ നിങ്ങളും എന്റെ മുന്നിൽ നിൽക്കുന്നു. അല്ലാഹുവിന്റെ ഈ ഔദാര്യങ്ങളൊന്നും അന്ധമോ യാദൃഛികമോ അല്ല. തികച്ചും ന്യായയുക്തവും നീതി പൂർണവുമാണ്. അല്ലാഹുവിൽ ഭയഭക്തി പുലർത്തുകയും അവൻ തൃപ്തിപ്പെട്ട ജീവിതക്രമം സ്വീകരിക്കുകയും ആ മാർഗത്തിൽ നേരിടേണ്ടി വരുന്ന യാതനകളും വേദനകളും സഹിച്ചും ക്ഷമിച്ചും ഉറച്ച കാൽവെയ്പുകളോടെ മുന്നോട്ടു പോവുകയും ചെയ്യുന്നവരെയാണ് അവൻ അനുഗ്രഹിക്കുക. അത്തരക്കാരുടെ യാതൊരു കർമവും പാഴായിപ്പോവുകയില്ല. എല്ലാറ്റിനും അവൻ മഹത്തായ പ്രതിഫലം നൽകിക്കൊണ്ടിരിക്കും. അതിന്റെ തെളിവാണ് നിങ്ങളുടെ മുന്നിൽ നിൽക്കുന്ന ഞാനും സഹോദരൻ ബിൻയാമീനും.

ഇവിടെ അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹത്തിനു ഭാജനമാകുന്നതിനുള്ള മാർഗമായി തഖ്‌വയെയും സ്വബ്റിനെയും പരാമർശിച്ചശേഷം അതനുവർത്തിക്കുന്നവരെ സുകൃതർ محسنين എന്നുവിശേഷിപ്പിച്ചതു ശ്രദ്ധേയമാകുന്നു. തഖ്‌വയിലൂടെയും സ്വബ്റിലൂടെയും ദൈവദാസൻ محسن ആകണം. محسن ന്റെ മുഖ്യ ഗുണങ്ങളാണ് തഖ്‌വയും സ്വബ്റും. إحسان ന്റെ ബഹുവചനകർതൃപദമാണ് محسنين. നല്ലതു നല്ല രീതിയിൽ ചെയ്യുന്നവനാണ് ഭാഷാർഥത്തിൽ محسن. അല്ലാഹുവിനെ നേരിൽ കണ്ടു കൊണ്ടിരിക്കുന്നു എന്നവണ്ണം അനുസരിക്കുകയാണ് إحسان എന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. അല്ലാഹുവിനെ നമ്മൾ നേരിൽ കാണുന്നില്ലെങ്കിലും അവൻ സദാ നമ്മെ കണ്ടുകൊണ്ടിരിക്കുകയാണല്ലോ. ആലോചിച്ചു നോക്കിയാൽ തഖ്‌വ, സ്വബ്ർ, ഇഹ്സാൻ എന്നീ മൂന്ന് മൂല്യങ്ങളും പരസ്പര പൂരകങ്ങളാണെന്നു കാണാം. യൂസുഫ് നബിയുടെ സഹോദരന്മാരെല്ലാം അല്ലാഹുവിൽ വിശ്വസിക്കുന്നവരായിരുന്നു. എങ്കിലും തഖ്‌വയും സ്വബ്റും ഇഹ്സാനും ഉണ്ടായിരുന്നില്ല എന്ന ധ്വനിയും ഈ വചനം ഉൾക്കൊള്ളുന്നു.

**91:** യൂസുഫ്(അ) പറഞ്ഞത് പൂർണമായും സമ്മതിച്ചു കൊണ്ടുള്ളതാണ് അവരുടെ ഈ മറുപടി. അല്ലാഹു ഞങ്ങളെക്കാൾ താങ്കളെ അനുഗ്രഹിച്ചുവെന്ന കാര്യം അല്ലാഹുവിനെ സാക്ഷിനിർത്തി ഞങ്ങൾ അംഗീകരിക്കുന്നു.

لَقَدۡ ءَاثَرَكَ ٱللَّهُ എന്നാണ് മൂലവാക്യം. إيثار (മുൻഗണന നൽകൽ, നിസ്വാർഥത) എന്ന മൂല പദത്തിൽ നിന്നുള്ള ഭൂതകാല ക്രിയയാണ് آثر. ഇതിനോട് على എന്ന ശബ്ദം ചേരുമ്പോൾ മറ്റുള്ളതിനെക്കാൾ പ്രാമുഖ്യവും പ്രാഥമ്യവും കൽപിച്ച് സ്വീകരിക്കുക എന്ന അർഥം ലഭിക്കുന്നു. സ്വന്തം കാര്യത്തെക്കാൾ മറ്റുള്ളവരുടെ കാര്യത്തിനു പ്രാധാന്യം കൽപിക്കുന്നതിന് يؤثر على نفسه എന്നു പറയും. അവർ വ്യക്തമാക്കുന്നതിതാണ്: അല്ലാഹു ഞങ്ങളെക്കാൾ മുൻഗണന നൽകി അവന്റെ അനുഗ്രഹത്തിന് താങ്കളെ തെരഞ്ഞെടുത്തിരിക്കുന്നു. അത് താങ്കളുടെ സ്വഭാവത്തിന്റെയും നടപടികളുടെയും ഗുണം കൊണ്ടുതന്നെയാണ്. താങ്കൾക്കു ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് ഞങ്ങൾ യോഗ്യരല്ല. താങ്കൾ സൽകർമങ്ങൾ ചെയ്ത് അനുഗ്രഹീതനാവുമ്പോൾ ഞങ്ങൾ മഹാപാതകങ്ങൾ ചെയ്ത് പാപികളാവുകയായിരുന്നു. ശ്രേഷ്ഠരാകാനുള്ള മാർഗം മനസ്സും കർമവും നന്നാക്കുകയാണെന്ന് മനസ്സിലാക്കാതെ, അങ്ങനെ ചെയ്ത് ശ്രേഷ്ഠരായവരെ

ഇല്ലാതാക്കുകയെന്ന മൂഢധാരണയിലായിരുന്നു ഞങ്ങൾ.

**92:** മറ്റൊരാളുടെ ദുഷ്ചെയ്തിയെ ആക്ഷേപിക്കുകയാണ് تثريب. പ്രതികാരം ചെയ്യുക എന്ന അർഥത്തിലും ഉപയോഗിക്കും. ഈ സന്ദർഭത്തിൽ രണ്ടർഥവും സാധുവാകുന്നതാണ്. ഒരാൾ സത്യസന്ധമായി സ്വന്തം കുറ്റം സമ്മതിക്കുമ്പോൾ അയാളോട് ക്ഷമിക്കുകയും സൗമനസ്യം കാണിക്കുകയുമാണ് മാന്യന്മാരുടെ രീതി. അത്തരക്കാർക്ക് അല്ലാഹുവും മാപ്പ് നൽകുന്നു. മറ്റേതൊരു കാരുണ്യവാനെക്കാളുമേറെ കാരുണ്യമുള്ളവനാണല്ലോ അവൻ. സഹോദരന്മാർ സത്യസന്ധമായി തെറ്റു സമ്മതിക്കുന്നുവെന്ന് മനസ്സിലായപ്പോൾ യൂസുഫ്(അ) അവരോട് അത്യുദാരമായി ക്ഷമിക്കുകയും അല്ലാഹുവും അവർക്ക് പൊറുത്തുകൊടുക്കട്ടെ എന്നു പ്രാർഥിക്കുകയും ചെയ്തു.

لَا تَثْرِيبَ عَلَيْكُمُ الْيَوْمَ എന്ന ഇതേ വാക്ക് തന്നെയാണ് മക്കാവിമോചന നാളിൽ, അതുവരെ തന്നോട് കഠിന ശത്രുത പുലർത്തുകയും കഴിവിന്റെ പരമാവധി ദ്രോഹിക്കുകയും ചെയ്ത ഖുറൈശി പ്രമുഖന്മാരോട് മുഹമ്മദ് നബി(സ)യും പറഞ്ഞത്. തന്റെ മുമ്പിൽ ആയുധം വെച്ച് കീഴടങ്ങി നിലകൊണ്ടവരോട് അദ്ദേഹം ചോദിച്ചു: "ഞാൻ നിങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുമെന്നാണ് നിങ്ങൾ കരുതുന്നത്?" അവർ പറഞ്ഞു: "നല്ല നിലയിൽ, ഞങ്ങളുടെ മാന്യ സഹോദരന്റെ മാന്യനായ പുത്രനാണ് താങ്കൾ" തിരുമേനി പ്രതിവചിച്ചു: "എന്റെ സഹോദരൻ യൂസുഫ് അദ്ദേഹത്തിന്റെ സഹോദരന്മാരോടു പറഞ്ഞ അതേ വാക്കുകൾ തന്നെ ഞാൻ നിങ്ങളോടും പറയുന്നു, ഇന്നു നിങ്ങൾക്കെതിരെ യാതൊരാക്ഷേപവുമില്ല. പൊയ്ക്കൊള്ളുക, നിങ്ങൾ സ്വതന്ത്രരാകുന്നു."

**93:** യൂസുഫ്(അ) ഇതു പറഞ്ഞത് മുൻ സൂക്തത്തിൽ ഉദ്ധരിച്ച വാക്യത്തിന്റെ തൊട്ടുടനെയാവണമെന്നില്ല. അദ്ദേഹം മാപ്പ് പ്രഖ്യാപിച്ചതോടെ സഹോദരന്മാർക്കിടയിലുണ്ടായിരുന്ന സംശയാശങ്കകളെല്ലാം കലങ്ങിത്തെളിഞ്ഞു. തുടർന്ന് അവർ പിതാവിനെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമെല്ലാം പലതും സംസാരിച്ചിരിക്കാം. ഒടുവിൽ സഹോദരന്മാർക്ക് ധാന്യവുമായി നാട്ടിലേക്ക് പുറപ്പെടാൻ സമയമായപ്പോഴായിരിക്കും അദ്ദേഹം ഇങ്ങനെ പറഞ്ഞത്.

ഈ സൂറയിൽ യൂസുഫ് നബിയുടെ 'കുപ്പായം' പരാമർശവിഷയമാകുന്നത് മൂന്നാം തവണയാണ്. യൂസുഫിനെ ചെന്നായ പിടിച്ചുവെന്ന് യഅ്ഖൂബ് നബിയെ വിശ്വസിപ്പിക്കാൻ സഹോദരന്മാർ കൃത്രിമച്ചോര പുരട്ടി ഹാജരാക്കിയപ്പോഴാണ് ആദ്യം കുപ്പായം പ്രത്യക്ഷപ്പെടുന്നത്. യൂസുഫ് സുലൈഖയെയാണോ, അതല്ല സുലൈഖ യൂസുഫിനെയാണോ കയറിപ്പിടിച്ചതെന്ന് നിശ്ചയിക്കാൻ ന്യായസ്ഥൻ അദ്ദേഹത്തിന്റെ കുപ്പായം കീറിയത് മുന്നിലാണോ പിന്നിലാണോ എന്നു പരിശോധിക്കുന്നതാണ് രണ്ടാമത്തെ രംഗം. ഒരു ദിവ്യാത്ഭുത മാധ്യമമായിട്ടാണ് ഈ സന്ദർഭത്തിൽ കുപ്പായം വരുന്നത്. ഈ കുപ്പായം പിതാവിന്റെ മുഖത്ത് ഇട്ടുകൊടുത്താൽ അദ്ദേഹത്തിന്റെ നഷ്ടപ്പെട്ട കാഴ്ച തിരിച്ചുകിട്ടുമെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. യഅ്ഖൂബ് നബിയുടെ ജീവിതത്തിലെ ഏറ്റവും കനത്ത ദുഃഖം വന്നെത്തിയത്, സഹോദരന്മാർ കൃത്രിമ രക്തം പുരട്ടി കൊണ്ടുവന്ന കുപ്പായത്തിന്റെ രൂപത്തിലായിരുന്നു. ആ ദുഃഖത്തിൽ കരഞ്ഞുകരഞ്ഞാണ് അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടത്. ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷവും യൂസുഫിന്റെ കുപ്പായ രൂപത്തിൽ തന്നെ അദ്ദേഹത്തിന്റെ മുന്നിലെത്തുകയാണിപ്പോൾ.

യൂസുഫ് നബിയുടെ ശരീരം സ്പർശിച്ച കുപ്പായം മുഖത്തു തട്ടിയപ്പോൾ യഅ്ഖൂബ് നബിക്ക് കാഴ്ച ലഭിച്ചതെങ്ങനെ എന്ന ചോദ്യത്തിന്റെ ലളിതമായ ഉത്തരം അതൊരു ദിവ്യാത്ഭുതം(معجزة) എന്നാണ്. സാധാരണക്കാർക്ക് വിശദീകരിക്കാനോ മനസ്സിലാക്കാനോ കഴിയാത്ത ഒരു പ്രാപഞ്ചിക പ്രതിഭാസമാണതെന്ന് ചിലർ പറയുന്നു. വിശുദ്ധിയുടെ ഉന്നത വിതാനങ്ങളിൽ നിലകൊള്ളുന്ന പുണ്യാത്മാക്കളുടെ വൈകാരികതയുമായാണത്രെ അതിനു ബന്ധം. ഇവിടെ ഒരു വശത്ത് യഅ്ഖൂബ് നബിയും മറുവശത്തും യൂസുഫ് നബിയുമാണ്. സത്യസന്ധമായ വിചാര വികാരങ്ങളുടെ സിദ്ധികൾ സാമാന്യ ബുദ്ധിക്ക് ഒട്ടും വിശദീകരിക്കാനാവാത്ത രൂപങ്ങളിൽ പ്രകടമാകും എന്നതിലപ്പുറം സാധാരണ മനുഷ്യരായ നമുക്ക് ഇത്തരം കാര്യങ്ങളെക്കുറിച്ച് ഒന്നും പറയാൻ കഴിയില്ല എന്നും അവർ പറയുന്നു.

കുപ്പായം കൊടുത്തയച്ചതോടൊപ്പം, പിതാവിനെയും കുടുംബങ്ങളെയുമെല്ലാം ഈജിപ്തിലേക്ക് കൂട്ടിക്കൊണ്ടുവരാനും യൂസുഫ് സഹോദരന്മാരോടാവശ്യപ്പെട്ടു .......وَأْتُونِي എന്നു തുടങ്ങുന്ന വാക്യം ഇസ്രാഈലീ ചരിത്രത്തിൽ പുതിയൊരധ്യായം ആരംഭിക്കുന്നതിനുള്ള വിളംബരമായിരുന്നു. ■